K-LAMPS(PS)

KERALA LEGISLATIVE ASSEMBLY
MEDIA & PARLIAMENTARY STUDY CENTRE
(PARLIAMENTARY STUDIES)

# സർട്ടിഫിക്കറ്റ് കോഴ്സ്
# ഇൻ പാർലമെന്ററി സ്റ്റഡീസ്
# 2024

## പ്രോസ്പെക്ടസ്



**കേരള ലെജിസ്ലേറ്റീവ് അസംബ്ലി**

മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്റർ (പാർലമെന്ററി സ്റ്റഡീസ്) കെ-ലാംപ്സ് (പി.എസ്.)

## കാലാവസ്ഥ അസംബ്ലി






**പി.ജി. ജേർണലിസം വിദ്യാർത്ഥികൾക്കായി നടത്തിയ പരിശീലന പരിപാടി**



# കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്റർ (പാർലമെന്ററി സ്റ്റഡീസ്)

## കെ-ലാംപ്സ് (പി.എസ്.)

### സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി സ്റ്റഡീസ്

### പ്രോസ്പെക്ടസ്

| | |
|---|---|
| ഭാഗം 1 | കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്റർ (പാർലമെന്ററി സ്റ്റഡീസ്) [കെ-ലാംപ്സ് (പി.എസ്.)] : ലഘുവിവരണം |
| ഭാഗം 2 | സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി സ്റ്റഡീസ് |
| ഭാഗം 3 | കെ-ലാംപ്സിന്റെ മറ്റ് പ്രവർത്തനങ്ങൾ |

## ഭാഗം 1

# കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്റർ (പാർലമെന്ററി സ്റ്റഡീസ്) [കെ-ലാംപ്സ് (പി. എസ്.)]

## ലഘുവിവരണം

ഊർജ്ജസ്വലമായ ഒരു സിവിൽ സമൂഹത്തെ വാർത്തെടുക്കുന്നതിനും രാജ്യം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും നിയമനിർമ്മാണത്തിന്റെ ഗുണനിലവാരവും പ്രസക്തിയും മെച്ചപ്പെടുത്തുന്നതിനും വേണ്ടി പ്രവർത്തിക്കുകയെന്നത് ഏതൊരു ജനാധിപത്യ സംവിധാനത്തിന്റെയും കടമയാണ്, പാർലമെന്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പൗരന്മാരെ ബോധവത്കരിക്കുകയെന്നത് പാർലമെന്റിന്റെ ഉത്തരവാദിത്തമാണ്. ഇന്ത്യൻ പാർലമെന്ററി ജനാധിപത്യം ലോകത്തിലെ ഏറ്റവും വലുതും ശക്തവുമായ ജനാധിപത്യ സംവിധാനമാണ്. പാർലമെന്റിന്റെയും സംസ്ഥാന നിയമസഭകളുടേയും ജനസമ്പർക്ക പ്രവർത്തനങ്ങളിലൂടെ ജനങ്ങൾക്ക് ജനാധിപത്യ മൂല്യങ്ങൾ പകർന്നു നൽകാൻ സാധിക്കുന്നു.

കേരള ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് 2011 -ൽ രൂപീകരിച്ച പാർലമെന്ററി പഠനപരിശീലന കേന്ദ്രം (സി.പി.എസ്.ടി.) പാർലമെന്ററി സ്ഥാപനങ്ങൾ, അവയുടെ പ്രവർത്തനങ്ങൾ, നടപടിക്രമങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ചിട്ടയായ പഠനത്തിനും പരിശീലനത്തിനും അവസരമൊരുക്കുന്ന പ്രധാന സ്ഥാപനമായിരുന്നു. നിയമസഭയുമായി ബന്ധപ്പെട്ട പൊതുവിവരങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനോടൊപ്പം നിയമസഭയുടെ തത്സമയ പരിപാടികൾ സംപ്രേക്ഷണം

ചെയ്യാൻ ലക്ഷ്യമിടുന്ന കേരള നിയമസഭാ സെക്രട്ടേറിയറ്റിന്റെ മറ്റൊരു വിഭാഗമാണ് സഭാ ടി.വി. നിയമസഭാ നടപടികൾ സുതാര്യതയോടും ഉത്തരവാദിത്തത്തോടും കൂടി സംപ്രേക്ഷണം ചെയ്യുന്നതിൽ പ്രധാന പങ്കു വഹിച്ച സഭാ ടി.വി. ഇപ്പോൾ വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെ പരിപാടികൾ സംപ്രേക്ഷണം ചെയ്യാൻ തുടങ്ങിയിരിക്കുന്നു. കേരള നിയമസഭയുടെ വിവിധ പരിപാടികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, ബഹുമുഖമായ രീതിയിൽ നടപ്പിലാക്കുന്നതിനുമായി കേരള നിയമസഭയുടെ പാർലമെന്ററി പഠന പരിശീലന കേന്ദ്രവും സഭാ ടി.വി.യും സംയോജിപ്പിച്ച് 2021 മാർച്ചിൽ കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ & പാർലമെന്ററി സ്റ്റഡി സെന്റർ (കെ-ലാംപ്സ്) രൂപീകരിച്ചു. നിലവിൽ കെ-ലാംപ്സിനു കീഴിൽ പാർലമെന്ററി സ്റ്റഡീസ്, മീഡിയ എന്നീ രണ്ടു വിഭാഗങ്ങൾ പ്രവർത്തിക്കുന്നു. പാർലമെന്ററി സംവിധാനത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്നവർക്ക് പ്രൊഫഷണലിസവും വൈദഗ്ധ്യവും ഓറിയന്റേഷനും നൽകുന്ന വിവിധ പരിപാടികൾ കെ-ലാംപ്സ് നടത്തിവരുന്നു. അതോടൊപ്പം പാർലമെന്ററി സംവിധാനത്തിന്റെ ജനപ്രതിനിധികൾ നിയമനിർമ്മാണത്തിലും ഭരണ നിർവ്വഹണത്തിലും വഹിക്കുന്ന പങ്കിനെപറ്റി സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും അവബോധം നൽകുന്നു. കെ-ലാംപ്സ് നടത്തിവന്നിരുന്ന ആറ് മാസം കാലാവധിയുള്ള സർട്ടിഫിക്കറ്റ് കോഴ്സ് പത്ത് ബാച്ചുകൾ പൂർത്തിയാക്കിയതിനെത്തുടർന്ന് അത് വിഭജിച്ച് രണ്ട് കോഴ്സുകളായി നടത്താൻ തീരുമാനിച്ചു. പത്താം തരം അടിസ്ഥാന യോഗ്യതയായ സർട്ടിഫിക്കറ്റ് കോഴ്സും ബിരുദം അടിസ്ഥാന യോഗ്യതയായ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ പാർലമെന്ററി സ്റ്റഡീസ് കോഴ്സും കെ-ലാംപ്സ് വിഭാഗത്തിൽ ആരംഭിക്കുന്നു.

## കെ-ലാംപ്സ് (പാർലമെന്ററി സ്റ്റഡീസ്) വിഭാഗം - ഉദ്ദേശ്യ ലക്ഷ്യങ്ങൾ

- നിയമനിർമ്മാതാക്കളും സാമൂഹിക, സാമ്പത്തിക, ശാസ്ത്രസാങ്കേതിക മേഖലകൾ ഉൾപ്പെടെ വിവിധ മേഖലകളിലെ വിദഗ്ദ്ധരും തമ്മിലുള്ള ആശയവിനിമയം പ്രോത്സാഹിപ്പിക്കുക, സംവേദനാത്മക സെഷനുകൾ, സെമിനാറുകൾ, പഠന പര്യടനങ്ങൾ തുടങ്ങിയവയിലൂടെ ഭരണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും സംസ്ഥാനത്തെ പൗരന്മാരുടെ ക്ഷേമവും ജീവിതനിലവാരവും ഉയർത്തുകയും ചെയ്യുക.
- പാർലമെന്ററി ജനാധിപത്യത്തിൽ എല്ലാ പങ്കാളികൾക്കും, രാജ്യത്തിന്റെ വികസനം ഉറപ്പാക്കുന്നതിൽ ഓരോരുത്തരും വഹിക്കുന്ന പങ്കിന്റെ പ്രാധാന്യം മനസ്സിലാക്കുവാനുള്ള അവസരം നൽകുക.
- പഠനത്തിനും ഗവേഷണത്തിനും അവസരമൊരുക്കി നിയമനിർമ്മാണത്തിന്റെ ഗുണനിലവാരം ഉയർത്തുക.
- നിയമനിർമ്മാണത്തിന്റെ വിവിധ നടപടിക്രമങ്ങളെയും പ്രവർത്തനങ്ങളെയും ക്കുറിച്ച് ദിശാബോധവും അറിവും നൽകി നിയമനിർമ്മാണത്തിൽ പൊതുജന പങ്കാളിത്തം വർധിപ്പിക്കുക.
- വിദ്യാർത്ഥി പാർലമെന്റുകളും മാതൃകാ പാർലമെന്റുകളും സംഘടിപ്പിക്കുന്നതിലൂടെ യുവജനങ്ങൾക്കും കുട്ടികൾക്കും പാർലമെന്ററി നടപടിക്രമങ്ങളുടെ പ്രായോഗിക അനുഭവം നൽകുക.
- വിവിധ വകുപ്പുകളിലെ സർക്കാർ ഉദ്യോഗസ്ഥർക്ക് പാർലമെന്ററി നടപടി ക്രമങ്ങളിൽ പരിശീലനം നൽകി നിയമങ്ങളെപ്പറ്റി ശരിയായ ധാരണയും അവയുടെ നടപ്പാക്കലും ഉറപ്പാക്കുക.
- പരിശീലന പരിപാടികൾ, ചർച്ചകൾ, സെമിനാറുകൾ തുടങ്ങിയവയിലൂടെ നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ കാര്യക്ഷമത ഉറപ്പാക്കുക.

ഭാഗം 2

# സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി സ്റ്റഡീസ്

## ആമുഖം

ഇന്ത്യൻ പാർലമെന്ററി ജനാധിപത്യത്തിന്റെ തെരഞ്ഞെടുപ്പ് പ്രക്രിയ, പൗരാവകാശങ്ങൾ, ഗവണ്മെന്റിന്റെ പ്രവർത്തനം, രാഷ്ട്രീയ പങ്കാളിത്തം എന്നിവയ്ക്ക് ലോകത്ത് മറ്റൊരു ബദൽ സംവിധാനം ഇല്ല. കാരണം ജനാധിപത്യ മൂല്യങ്ങൾ ഇന്ത്യയിലെ സാധാരണക്കാരന്റെ ജീവിതത്തിന്റെ ഭാഗമാണ്. ഒരു ജനാധിപത്യ പാർലമെന്റിന് ഊർജസ്വലമായ ഒരു സിവിൽ സമൂഹത്തെ പരിപോഷിപ്പിക്കുന്നതിനും രാജ്യം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും നിയമനിർമ്മാണത്തിന്റെ ഗുണനിലവാരവും പ്രസക്തിയും മെച്ചപ്പെടുത്തുന്നതിനും സമൂഹത്തെ അതിനോട് ചേർന്ന് പ്രവർത്തിപ്പിക്കാനും സാധിക്കും. പാർലമെന്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പൗരന്മാരെ അറിയിക്കുകയെന്നത് ഫോർത്ത് എസ്റ്റേറ്റ് എന്നറിയപ്പെടുന്ന മാധ്യമങ്ങളുടെ മാത്രം കടമയല്ല, പാർലമെന്റിന്റെ തന്നെ ഉത്തരവാദിത്തമാണ്. ഇന്നത്തെ വിദ്യാഭ്യാസ സാഹചര്യത്തിൽ സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ അവബോധം പ്രദാനം ചെയ്യുന്നതിനുള്ള ഒരു പ്രധാന മാർഗമായി ഓപ്പൺ ആന്റ് ഡിസ്റ്റൻസ് ലേണിങ് സിസ്റ്റം ഉയർന്നു വന്നിട്ടുണ്ട്. പാർലമെന്ററി ജനാധിപത്യത്തിന്റെ ആശയം,തത്വം, ഗുണങ്ങൾ, പ്രയോഗം എന്നിവ പ്രചരിപ്പിക്കുന്നതിനുമായി ഓൺലൈൻ വിദ്യാഭ്യാസ വിഭാഗത്തിൽ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി സ്റ്റഡീസ് എന്ന ഒരു ഓൺലൈൻ കോഴ്സ് കേരള നിയമസഭ 2024-ൽ ആരംഭിക്കുകയാണ്.

## കോഴ്സിന്റെ സ്വഭാവം

പാർലമെന്ററി നടപടിക്രമങ്ങളിൽ യാതൊരു പരിചയവും ഇല്ലാത്തവർക്കും പാർലമെന്ററി സമ്പ്രദായങ്ങളും നടപടിക്രമങ്ങളും പഠിക്കാൻ താല്പര്യമുള്ളവർക്കും വേണ്ടി രൂപകൽപ്പന ചെയ്തതാണ് ഈ കോഴ്സ്. പാർലമെന്ററി സമ്പ്രദായത്തെയും നടപടിക്രമങ്ങളെയും കുറിച്ച് അടിസ്ഥാന തലത്തിലുള്ള വിവരങ്ങൾ നൽകുന്ന ഒരു സർട്ടിഫിക്കറ്റ് കോഴ്സായിരിക്കും ഇത്. ഓൺലൈൻ രീതിയിലാണ് ക്ലാസുകൾ സംഘടിപ്പിക്കുന്നത്. കേരള നിയമസഭാ സെക്രട്ടേറിയറ്റിലെ കെ-ലാംപ്സ് (പി. എസ്.) വിഭാഗമാണ് ഈ കോഴ്സ് നിയന്ത്രിക്കുന്നത്. കോഴ്സുമായി ബന്ധപ്പെട്ട അക്കാദമിക്, അഡ്മിനിസ്ട്രേറ്റീവ്, ഫിനാൻഷ്യൽ, അച്ചടിച്ച/ഓൺലൈൻ ഡോക്യുമെന്റുകൾ, ഇവിടെ പരാമർശിക്കാത്ത വിഷയങ്ങൾ ഉൾപ്പെടെ എല്ലാ കാര്യങ്ങളിലും കെ-ലാംപ്സ് (പി. എസ്.)- ന്റെ തീരുമാനം അന്തിമമായിരിക്കും.

## പ്രവേശനത്തിനുള്ള യോഗ്യത

- കോഴ്സിന് അപേക്ഷിക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ യോഗ്യത പത്താം ക്ലാസ്/ തത്തുല്യ വിജയമാണ്.
- ഒരു ബാച്ച് ആരംഭിക്കുന്നതിനുള്ള കുറഞ്ഞ വിദ്യാർത്ഥികളുടെ എണ്ണം 10 ആയിരിക്കും.
- കോഴ്സിലേക്കുള്ള പ്രവേശനത്തിന് പ്രവേശനഫീസും കോഴ്സ് ഫീസും ഉണ്ടായിരിക്കും.
- കോഴ്സ് ചെയ്യുന്നതിന് ഉയർന്ന പ്രായപരിധി ഉണ്ടായിരിക്കില്ല.

## അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ട രേഖകൾ

1. യോഗ്യത തെളിയിക്കുന്നതിനുള്ള പത്താം ക്ലാസ് പരീക്ഷയുടെ അല്ലെങ്കിൽ തത്തുല്യപരീക്ഷയുടെ സർട്ടിഫിക്കറ്റ്.
2. മേൽവിലാസ തെളിവ്.
3. എസ്.സി., എസ്.ടി. പഠിതാക്കൾക്കുള്ള ഫീസ് ഇളവിനായി കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്. (ബന്ധപ്പെട്ട റവന്യൂ അതോറിറ്റി നൽകിയത്)
4. ജനപ്രതിനിധികൾക്ക് ഫീസ് ഇളവിനായി തങ്ങളുടെ ഐ.ഡി. കാർഡ്
5. ഒരു പാസ്പോർട്ട് സൈസ് ഫോട്ടോഗ്രാഫ് (300 X 100)

- **കോഴ്സിന്റെ കാലാവധി 6 മാസം ആയിരിക്കും.**
- **കോഴ്സിന്റെ മാധ്യമം മലയാളം ആയിരിക്കും.**

### ക്ലാസുകൾ

ക്ലാസുകൾ ഓൺലൈനായി സംഘടിപ്പിക്കുന്നതായിരിക്കും.

# സിലബസ്

**പേപ്പർ I**

**പാർലമെന്ററി ജനാധിപത്യ സമ്പ്രദായവും ഇന്ത്യൻ ഭരണഘടനയും**

പാർലമെന്ററി ജനാധിപത്യ സമ്പ്രദായം : ചരിത്രവും പരിണാമവും, ഗുണങ്ങളും പോരായ്മകളും

ഇന്ത്യൻ ഭരണഘടന:

- ഭരണഘടനാ നിർമ്മാണസഭ
- സവിശേഷതകൾ, മൗലികാവകാശങ്ങൾ, കർത്തവ്യങ്ങൾ
- അധികാര വിഭജനം
- അധികാര വികേന്ദ്രീകരണം
- പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ (73-ാം ഭരണഘടനാ ഭേദഗതി)
- ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

**പേപ്പർ II**

**കേരള നിയമസഭ**

- **ചരിത്രം, വർത്തമാനം**
- **നിയമസഭയുടെ പ്രവർത്തന രീതി - പൊതുവായ കാര്യങ്ങൾ**

  ചോദ്യോത്തരവേള, അടിയന്തര പ്രമേയം, ശ്രദ്ധ ക്ഷണിക്കൽ, സബ്മിഷനുകൾ,പ്രമേയങ്ങൾ
- **ഗവൺമെന്റ് കാര്യങ്ങൾ**

  മേശപ്പുറത്തു വയ്ക്കുന്ന കടലാസുകൾ, നിയമനിർമ്മാണം, ധനപരമായ കാര്യങ്ങൾ, നിയമസഭയും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളും, നിയമസഭാംഗങ്ങളുടെ പ്രാദേശിക വികസന ഫണ്ട്
- **സാമാന്യ വിവരങ്ങൾ**

  സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, നിയമസഭാ മന്ദിരം തുടങ്ങിയവ
- **നിയമസഭാ സമിതികളുടെ പ്രസക്തി**
- **നിയമസഭ ജനങ്ങളിലേക്ക് -സഭാ ടി.വി.**

## ഫീസ്

- ➢ അഡ്മിഷൻ ഫീസ് ₹ 100/-
- ➢ കോഴ്സ് ഫീസ് ₹ 1000/-
- ➢ കോഴ്സ് ഫീസ് ഇനത്തിൽ ജനപ്രതിനിധികൾക്ക് 250/-രൂപയുടേയും എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് 100/- രൂപയുടേയും ഇളവ് അനുവദിക്കുന്നതാണ്.

**കുറിപ്പ്:**

1. ഫീസ് അടയ്ക്കുന്നതിനുള്ള ബാങ്ക് ചാർജുകൾ പഠിതാക്കൾ തന്നെ വഹിക്കണം.
2. ഫീസും പിഴയും നേരിട്ടോ അല്ലെങ്കിൽ ഓൺലൈൻ ട്രാൻസ്ഫർ വഴിയോ 37005174195 അക്കൗണ്ട് നമ്പറിലേക്ക് (IFS കോഡ് SBIN0070415) എസ്.ബി.ഐ.യുടെ വികാസ് ഭവൻ ശാഖയിൽ അടയ്ക്കേണ്ടതാണ്.
3. അടച്ച കോഴ്സ് ഫീസോ പിഴയോ ഒരു കാരണവശാലും തിരികെ നൽകുന്നതല്ല.

## പരീക്ഷ

- ♦ പരീക്ഷ ഓഫ്‌ലൈൻ രീതിയിൽ നടത്തുന്നതാണ്.
- ♦ പരീക്ഷയുടെ മീഡിയം മലയാളം/ഇംഗ്ലീഷ് ആയിരിക്കും.
- ♦ ഫീസ് അടച്ച പഠിതാക്കൾക്ക് (പരീക്ഷ ഫീസ് ഉൾപ്പെടെ) പരീക്ഷ എഴുതി കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നതിനായി മൂന്നു തവണ അവസരം ലഭിക്കുന്നതാണ്. എന്നാൽ ഓരോ തവണയും പരീക്ഷ എഴുതാനായി പ്രത്യേകമായി ഫീസ് ഒടുക്കേണ്ടതാണ്.

## സർട്ടിഫിക്കറ്റുകളുടെ പരിശോധന

- പഠിതാക്കളുടെ പ്രവേശനം തികച്ചും താല്കാലികമാണ്. അസ്സൽ സർട്ടിഫിക്കറ്റുകൾ പരിശോധന സമയത്ത് ഹാജരാക്കാൻ കഴിയാതിരുന്നാൽ പ്രവേശനം റദ്ദാക്കുന്നതാണ്. പരിശോധന സമയം വെബ്സൈറ്റിലൂടെ പഠിതാക്കളെ അറിയിക്കുന്നതാണ്.
- അസ്സൽ രേഖകൾ പരിശോധിച്ച് എല്ലാ ഫീസും/പിഴയും അടയ്ക്കുന്നതുവരെ പരീക്ഷയിൽ ഹാജരാകുന്നതിനുള്ള അഡ്മിറ്റ് കാർഡുകൾ ഒരു സാഹചര്യത്തിലും നൽകുകയില്ല.

## പ്രവേശനം റദ്ദാക്കൽ

അടിസ്ഥാന യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കാത്തതിന് പുറമെ, ഒരു പഠിതാവിന്റെ പ്രവേശനം താഴെ പറഞ്ഞിരിക്കുന്ന കാരണങ്ങളാൽ അടച്ച ഫീസും പിഴയും തിരികെ നൽകാതെ റദ്ദാക്കുന്നതായിരിക്കും.

- ♦ പ്രവേശനത്തിനുശേഷം ഏതെങ്കിലും ഘട്ടത്തിൽ തെറ്റായ വിവരങ്ങൾ സമർപ്പിച്ച് കെ-ലാംപ്സ് (പി.എസ്.) വിഭാഗത്തെ തെറ്റിദ്ധരിപ്പിച്ചതായി ബോധ്യപ്പെടുക.
- ♦ വിദ്യാർത്ഥികളുടെ അച്ചടക്കമില്ലായ്മ ശ്രദ്ധയിൽപ്പെടുക.
- ♦ പരീക്ഷാ ഹാളിൽ കെ-ലാംപ്സ് (പി.എസ്.) -ന്റെ മാർഗനിർദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുക .

## വെബ്സൈറ്റ്

കേരള നിയമസഭയുടെ www.niyamasabha. org എന്ന ഔദ്യോഗിക വെബ്സൈറ്റ് വഴി കോഴ്സിലേക്കുള്ള പ്രവേശനത്തിനുള്ള വിജ്ഞാപനം, പ്രോസ്പെക്ടസ് ക്ലാസുകളുടെ ഷെഡ്യൂൾ, പരീക്ഷ തീയതി, പരീക്ഷാഫലം തുടങ്ങിയവ പ്രസിദ്ധീകരിക്കുന്നതായിരിക്കും.

**ഭാഗം 3**

## കെ-ലാംപ്സിന്റെ മറ്റ് പ്രവർത്തനങ്ങൾ

→ സംസ്ഥാനത്തെ ആയിരത്തിലധികം സ്കൂളുകളിലെ ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്കായി ഇന്ത്യൻ ഭരണഘടനയെക്കുറിച്ചുള്ള ക്ലാസുകൾ സംഘടിപ്പിക്കുക.

→ വിവിധ ജില്ലകളിലെ സ്കൂൾ കോളേജ് വിദ്യാർഥികൾക്ക് കേരള നിയമസഭയുടെ മോഡൽ ലെജിസ്ലേറ്റീവ് അസംബ്ലി സംഘടിപ്പിക്കുക.

→ കേരള നിയമസഭയും സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയും സംയുക്തമായി ചേർന്ന് ഭരണഘടനാ സാക്ഷരതാ പരിപാടികൾ സംഘടിപ്പിക്കുക.

→ **യുണിസെഫുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ**

കുട്ടികൾ, യുവതീയുവാക്കൾ, സമൂഹത്തിലെ അധഃസ്ഥിതരായ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമത്തിന് സംഭാവന ചെയ്യുക എന്ന ലക്ഷ്യത്തോടെ, യുണിസെഫിന്റെ കേരള തമിഴ്നാട് ഓഫീസുകളുമായി 2015 ആഗസ്റ്റ് 5 മുതൽ കെ-ലാംപ്സ് (സി.പി.എസ്.ടി.) സഹകരിച്ച് പ്രവർത്തിക്കുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങളുമായി ബന്ധപ്പെട്ട സെമിനാറുകൾ, ചർച്ചകൾ എന്നിവയിൽ ബഹുമാനപ്പെട്ട സഭാംഗങ്ങളുടെ സജീവ പങ്കാളിത്തമുണ്ടായിരുന്നു.

കാലാവസ്ഥ വ്യതിയാനം മൂലം ഉണ്ടാകാവുന്ന പരിസ്ഥിതി പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും സമൂഹത്തിന്റെ വിവിധ തലങ്ങളിൽ ഉണ്ടാക്കുന്ന ആഘാതങ്ങൾ പഠന വിധേയമാക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുമായി യുണിസെഫ് കെ-ലാപ്സ് (പി. എസ്.) വിഭാഗവുമായി സഹകരിച്ച് പ്രവർത്തിക്കുന്നു. “ നാമ്പ് ”(ക്ലൈമറ്റ് അസംബ്ലി ഫോർ ചിൽഡ്രൻ ആന്റ് യൂത്ത്) എന്ന പേരിൽ വിദ്യാർത്ഥികൾക്കായി 2022-മുതൽ എല്ലാ വർഷവും കാലാവസ്ഥ അസംബ്ലി സംഘടിപ്പിക്കുന്നു. വിദ്യാർത്ഥികളെയും യുവാക്കളെയും കോർത്തിണക്കി

കാലാവസ്ഥ അധിഷ്ഠിത ഓൺലൈൻ പ്രഭാഷണ പരിപാടികൾ നിശ്ചിത ഇടവേളകളിൽ സംഘടിപ്പിക്കാറുണ്ട്. കാലാവസ്ഥ വ്യതിയാനത്തിന്റെ ഭീഷണികളും പരിസ്ഥിതി സംരക്ഷണത്തിന്റെ അനിവാര്യതയും ചർച്ച ചെയ്യുന്നതിനായി നിയമസഭാഗംങ്ങൾക്കുവേണ്ടിയും പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. കാലാവസ്ഥ വ്യതിയാനം മൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളുടെ ബോധവത്കരണത്തിനും തുടർപ്രവർത്തനത്തിനുമായി രൂപീകരിച്ച ബഹു. സ്പീക്കർ അദ്ധ്യക്ഷനായിട്ടുള്ള സംസ്ഥാന കാലാവസ്ഥ വേദിയുടെ സമ്മേളനങ്ങൾ പരിസ്ഥിതി വകുപ്പിനെയും പരിസ്ഥിതി മേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ.കളായ ചില സ്ഥാപനങ്ങളെയും ചേർത്തുകൊണ്ട് നടത്തുകയും തുടർപ്രവർത്തനങ്ങൾ നിരീക്ഷിച്ചു വരികയും ചെയ്യുന്നു.

കെ-ലാംപ്സ് (പി.എസ്.)വിഭാഗവും യുണിസെഫും സംയുക്തമായി നടത്തിവരുന്ന വിവിധ കാലാവസ്ഥാ അധിഷ്ഠിത പരിപാടികളുടെ ആക്ഷൻ പ്ലാൻ ഓരോ വർഷവും തയ്യാറാക്കി അംഗീകരിച്ചുകൊണ്ടാണ് പ്രവർത്തനങ്ങൾ ഏകോപിച്ചു വരുന്നത്. കേരള നിയമസഭ സംഘടിപ്പിച്ച ഫെസ്റ്റിവൽ ഓൺ ഡെമോക്രസിയിൽ യുണിസെഫ് പങ്കാളിയായിരുന്നു. സുസ്ഥിരവികസനം, ജനാധിപത്യം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട പരിപാടികളിലും യുണിസെഫ് സഹകരിക്കുന്നു.

➔ **പാർലമെന്ററി ഇന്റേൺഷിപ്പ് പ്രോഗ്രാം (പി.ഐ.പി)**

പാർലമെന്ററി ഇന്റേൺഷിപ്പ് പ്രോഗ്രാം (പി.ഐ.പി.) ലോ കോളേജുകളിലെ വിദ്യാർത്ഥികൾക്കും വിവിധ സർവകലാശാലകളിലെ രാഷ്ട്രമീമാംസ ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്കും പാർലമെന്ററി ജനാധിപത്യത്തെയും ജനാധിപത്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെയും ഇന്ത്യൻ പാർലമെന്ററി സമ്പ്രദായത്തിന്റെ പ്രത്യേകിച്ച് കേരള നിയമസഭയുടെ നിയമനിർമ്മാണത്തെയും സ്വയംപരിചയപ്പെടാൻ അവസരം നൽകുന്നു.പാർലമെന്ററി സമ്പ്രദായത്തിൽ നിയമനിർമ്മാണസഭയുടെ പങ്കിനെക്കുറിച്ച് ശരിയായ കാഴ്ചപ്പാട് വികസിപ്പിക്കുന്നത് വിദ്യാർത്ഥികളുടെ ഭാവിയിലെ ഔദ്യോഗിക ജീവിതത്തിൽ ഉപയോഗപ്രദമായിരിക്കും. ഇന്ത്യയിലുടനീളമുള്ള ലോ കോളേജുകളിലെ നിരവധി വിദ്യാർത്ഥികൾ കെ-ലാംപ്സിൽ (പാർലമെന്ററി സ്റ്റഡീസ്) ഇന്റേൺഷിപ്പ് ചെയ്തു വരുന്നു.

➔ ബഹുമാനപ്പെട്ട രാഷ്ട്രപതി ശ്രീ. രാംനാഥ് കോവിന്ദ് 2018 ഓഗസ്റ്റ് 6-ന് ഫെസ്റ്റിവൽ ഓൺ ഡെമോക്രസി എന്ന പരിപാടി ഉദ്ഘാടനം ചെയ്തു. ഇതിന്റെ ഭാഗമായി ദേശീയ താൽപ്പര്യമുള്ള വിവിധ വിഷയങ്ങളിൽ നിരവധി ദേശീയ സമ്മേളനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി.

➔ സ്വതന്ത്ര ഇന്ത്യയിൽ പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ ശാക്തീകരണത്തിലെ വെല്ലുവിളികളെക്കുറിച്ചുള്ള നിയമസഭാ സാമാജികരുടെ ദേശീയ സമ്മേളനം 2018 ഓഗസ്റ്റ് 6, 7 തീയതികളിൽ നടന്നു. ഇന്ത്യയിലെമ്പാടുമുള്ള തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുകയും 'തിരുവനന്തപുരം പ്രഖ്യാപനം ' ഈ വിഷയത്തിൽ പുറത്തിറക്കുകയും ചെയ്തു.

➔ ഇന്ത്യയിലെ സർവ്വകലാശാലകളിൽ നിന്ന് രണ്ടായിരത്തിലധികം യുവതീ യുവാക്കളുടെ പങ്കാളിത്തത്തോടെ 2019 ഫെബ്രുവരി 23 മുതൽ 25 വരെ നാഷണൽ സ്റ്റുഡന്റ്സ് പാർലമെന്റ് നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി ജീവിതത്തിന്റെ നാനാതുറകളിലുള്ള അമ്പതിലധികം പ്രമുഖ നേതാക്കളുമായി ആശയവിനിമയം നടത്തുകയും ചെയ്തു. ഇന്ത്യയിലെ യുവജനങ്ങൾ നിരവധി പ്രമേയങ്ങൾ പാസാക്കുകയും എല്ലാ പൗരന്മാരുടെയും ഐക്യത്തിനും അഖണ്ഡതയ്ക്കും സമൃദ്ധിക്കും വേണ്ടി പ്രവർത്തിക്കുമെന്ന് പ്രതിജ്ഞ എടുക്കുകയും ചെയ്തു.

➔ ജനാധിപത്യത്തിന്റെ ശക്തി എന്ന പ്രമേയത്തെ അടിസ്ഥാനമാക്കി രാജ്യത്തെ വനിതാനിയമസഭാ സാമാജികർക്കായി 2022 മെയ് 26, 27 തീയതികളിൽ രണ്ട് ദിവസത്തെ ദേശീയസമ്മേളനം നടത്തി. നാഷണൽ വുമൺ ലെജിസ്ലേറ്റേഴ്സ് കോൺഫറൻസ് കേരളം 2022 എന്ന് നാമകരണം ചെയ്യപ്പെട്ട സമ്മേളനം ബഹുമാനപ്പെട്ട രാഷ്ട്രപതി ശ്രീ. രാംനാഥ് കോവിന്ദ് ഉദ്ഘാടനം ചെയ്തു. പാർലമെന്റിന്റെ ഇരുസഭകളിൽനിന്നും സംസ്ഥാന നിയമസഭകളിൽനിന്നും സംസ്ഥാന കൗൺസിലുകളിൽനിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട എല്ലാ വനിതാ പ്രതിനിധികളെയും കേരള നിയമസഭയിലേക്ക് കൊണ്ടുവരാൻ ഈ സംരംഭത്തിലൂടെ കേരള നിയമസഭ ശ്രമിച്ചു.

➔ സംസ്ഥാനതല കാലാവസ്ഥാ ഫോറത്തിന്റെ മൂന്നാം സെഷൻ 2023 ഡിസംബർ 16 ന് യുണിസെഫുമായി ചേർന്ന് സംഘടിപ്പിച്ചു.

➔ കേരള നിയമസഭയിലേക്ക് പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കുള്ള ഓറിയന്റേഷൻ പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നു.

- → നിയമസഭാ അംഗങ്ങൾക്കായി സമകാലിക വിഷയങ്ങളിൽ ചർച്ചയും സെമിനാറുകളും നടത്തുക.

- → വിവിധ രാജ്യങ്ങളിലെ പാർലമെന്റ് അംഗങ്ങളുടെ കേരള നിയമസഭാ സന്ദർശനവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുക.

- → സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം സംഘടിപ്പിക്കുക.

- → യുണിസെഫിന്റെ സഹകരണത്തോടെ കേരള നിയമസഭയിലെ അംഗങ്ങൾക്കും യുവജനങ്ങൾക്കും സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുക.

- → കേരള നിയമസഭ സെക്രട്ടേറിയറ്റിലെയും മറ്റ് സംസ്ഥാന നിയമസഭകളിലെയും ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടികൾ നടത്തുക.

- → കേരളത്തിലെ വിവിധ ജേർണലിസം ഇൻസ്റ്റിറ്റ്യൂട്ടുകളിലെ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കായി രണ്ട് ദിവസത്തെ പ്രത്യേക പരിശീലന പരിപാടി എല്ലാവർഷവും സംഘടിപ്പിച്ചുവരുന്നു.

- → കേരള സർക്കാരിന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റുമായി ചേർന്ന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

- → പ്രൈഡ് (പാർലമെന്ററി റിസർച്ച് ആൻഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡെമോക്രസീസ്), ന്യൂഡൽഹിയുമായി ചേർന്ന് സംഘടിപ്പിക്കുന്ന പരിശീലന പരിപാടികളുടെ ഏകോപനം നടത്തുക.

- → ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സെക്രട്ടേറിയറ്റ് ട്രെയിനിംഗ് ആൻഡ് മാനേജ്മെന്റ്, ന്യൂഡൽഹിയുമായി ചേർന്ന് നടപ്പിലാക്കുന്ന പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

- → മാധ്യമ പ്രവർത്തകർക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

- → വാച്ച് ആൻഡ് വാർഡ് ജീവനക്കാർക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

- → നമ്മുടെ ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിനായി കൂടുതൽ സംഭാവന നൽകുന്നതിനും നിരവധി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും കെ-ലാംപ്സ് ലക്ഷ്യമിടുന്നു.

## ഒൻപതാമത്തെ ബാച്ചിന്റെ സർട്ടിഫിക്കറ്റ് വിതരണ ചടങ്ങ്

### റാങ്ക് ജേതാക്കൾ ബഹുമാനപ്പെട്ട സ്പീക്കറിൽ നിന്ന് സർട്ടിഫിക്കറ്റും മൊമെന്റോയും ഏറ്റുവാങ്ങുന്നു




ഒന്നാം റാങ്ക് ശ്രീ. പ്രകാശ്. പി. കുറുപ്പ്.




രണ്ടാം റാങ്ക് ശ്രീ. നന്ദകുമാർ. എസ്. ആർ.




മൂന്നാം റാങ്ക് ശ്രീ. സിദിഖ്. സി.



## പത്താമത്തെ ബാച്ച് പഠിതാക്കൾക്കായി നടത്തിയ സമ്പർക്ക ക്ലാസുകൾ











**കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്റർ**

**(പാർലമെന്ററി സ്റ്റഡീസ്) കെ-ലാംപ്സ് (പി. എസ്.)**

**റൂം നമ്പർ 739, അസംബ്ലി ബിൽഡിംഗ്, ലെജിസ്ലേച്ചർ കോംപ്ലക്സ്, വികാസ് ഭവൻ പി. ഒ.**

**തിരുവനന്തപുരം, പിൻ -695033**

**ഫോൺ : 0471-2512662/2453/2670, 9496551719**

**ഇമെയിൽ: klamps-b@niyamasabha.nic.in**

**www.niyamasabha.org**